**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3107** **07-10-2025 - ൽ മറുപടിയ്ക്ക്**

**രാമപുരം കുടിവെള്ളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന പാലാ നിയോജകമണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകൾക്ക് മലങ്കര ഡാമിൽ നിന്നും കുടിവെള്ള ലഭ്യമാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളം എത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 5 പഞ്ചായത്തുകളിലായി 17705 വീടുകളിലും ഉൾപ്പെടെ ആകെ 42230 കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നൽകാൻ കഴിയും. 2023 ഒക്ടോബർ 21 നു ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ചു മുട്ടം വില്ലേജിലെ വള്ളിപ്പാറക്കു സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച്ചു ഒരു ഘട്ടം കൂടി ബൂസ്റ്റ് ചെയ്തു കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ചു ശുദ്ധീകരിച്ചു ടി പഞ്ചായത്തിൽ ഉൾപ്പെടെ 13 പഞ്ചായത്തുകളിലേക്കു ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതി വേഗത്തിൽ നടപ്പിലാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രതികൂല കാലാവസ്ഥയും, ദുർഘടകരമായ ഭൂപ്രകൃതിയും, വിവിധ വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാകുന്നതിലുള്ള താമസം, ഫണ്ടിന്റെ അഭാവം എന്നിവ പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഫണ്ടിന്റെ അഭാവം തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും വായ്പ എടുക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ കരാറുകാരെയും അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തോടെ വേണ്ട മുന്നൊരുക്കങ്ങൾ നടത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ആണ് മുന്നോട്ട് പോകുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പഞ്ചായത്ത് | പുരോഗതി(%) |
|---|---|---|
| 1 | പാക്കേജ് 1 (ഫ്ലോട്ടിംഗ് പമ്പ് ഹൗസും അനുബന്ധ ഘടകങ്ങളും) | 20 % പൂർത്തിയായി |
| 2 | പാക്കേജ് 2 - 45 MLD ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും | 20 % പൂർത്തിയായി |
| 3 | കടനാട് | 31 % പൂർത്തിയായി |
| 4 | രാമപുരം | 35 % പൂർത്തിയായി |
| 5 | ഭരണങ്ങാനം | 27 % പൂർത്തിയായി |
| 6 | മേലുകാവ് | 2 % പൂർത്തിയായി |
| 7 | മൂന്നിലവ് | 4 % പൂർത്തിയായി |
| 8 | തലനാട് | 17 % പൂർത്തിയായി |
| 9 | പൂഞ്ഞാർ | 26 % പൂർത്തിയായി |
| 10 | പൂഞ്ഞാർ-തെക്കേക്കര | 28 % പൂർത്തിയായി |
| 11 | മീനച്ചിൽ | 1 % പൂർത്തിയായി |
| 12 | തിടനാട് | 25 % പൂർത്തിയായി |
| 13 | തലപ്പലം | 35 % പൂർത്തിയായി |
| 14 | തീക്കോയി | 16 % പൂർത്തിയായി |
| 15 | കൂട്ടിക്കൽ | 11 % പൂർത്തിയായി |